VIII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(i) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 23-ാമത് റിപ്പോർട്ട്

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 23-ാം മത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം സമിതി അദ്ധ്യക്ഷനുവേണ്ടി അംഗമായ ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 23-ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(ii) സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

1. മായം ചേർക്കൽ തടയുന്നതിന് നടപടി

(2014 ജൂൺ 20-ാം തീയതി അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം)

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിത പ്രയോഗംമൂലം നമുക്കുണ്ടാകുന്ന രോഗങ്ങൾ ഏതൊക്കെ തരത്തിലാണെന്നുള്ളത് പറയാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇതിന്റെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്, നമ്മുടെ രാജ്യത്ത് പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനങ്ങളിൽ ഉപയോഗിക്കുന്ന അമിതമായ കീടനാശിനികളുടെ ഉപയോഗം തന്നെയാണ്. നിയമസഭയിൽ 24-7-2015-ൽ ബഹുമാന്യനായ മന്ത്രി, പായ്ക്കറ്റിൽ ലഭിക്കുന്ന സുഗന്ധ വ്യഞ്ജനങ്ങളിലും മസാലപ്പൊടികളിലും പച്ചക്കറികളിലുമുൾപ്പെടെ എല്ലാ ബ്രാന്റഡ് ഭക്ഷ്യ ഉൽപ്പന്നങ്ങളിലും വിഷാംശമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് അങ്ങനെ കണ്ടെത്തിയിട്ടുണ്ട് എന്ന മറുപടിയാണ് ഉത്തരമായി തന്നിട്ടുള്ളത്. ബ്രാന്റഡ് ആയിട്ടുള്ള ഭക്ഷ്യ ഉൽപ്പന്നങ്ങളിൽ മാത്രമല്ല, നമ്മുടെ കൃഷി രീതികളിൽത്തന്നെ കാര്യമായ മാറ്റമുണ്ടാകുന്നില്ലായെങ്കിൽ ഈ വിപത്തിൽനിന്ന് നമ്മുടെ രാജ്യത്തിന് മോചനം പ്രാപിക്കാൻ കഴിയാത്ത ഗുരുതരമായ സാഹചര്യങ്ങളിലേയ്ക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. കാൻസർ രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുദാഹരണമാണ്. ഇപ്പോൾ കാൻസറുമായി ബന്ധപ്പെട്ട് ഒരുപാട് പഠനങ്ങൾ നമ്മുടെ സംസ്ഥാനത്തും ലോകത്താകമാനവും നടക്കുന്നുണ്ട്. എന്നാൽ അതിന്റെ പെർസന്റേജ് നോക്കിയാൽ കാൻസർ രോഗികളുടെ എണ്ണം നമ്മുടെ സംസ്ഥാനത്ത് ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ പ്രധാന കാരണമെന്നു പറയുന്നത്, അധികമായിട്ടുള്ള കീടനാശിനികളുടെ ഉപയോഗം തന്നെയാണ്. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതമായ ഉപയോഗംമൂലം ഇന്ന് ഒരു സാലഡ്പോലും കഴിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. മറ്റ് രാജ്യങ്ങളിൽനിന്നും വ്യത്യസ്തമായി നമ്മുടെ രാജ്യത്ത് 250-ലധികം പെസ്റ്റി സൈഡ്സ് ഉപയോഗിക്കുന്നുണ്ട്. ഇതൊന്നും നമ്മുടെ രാജ്യത്തെ കൃഷിക്കാർ ഉൽപ്പാദിപ്പിക്കുകയോ വിപണനം ചെയ്യുന്നവരോ അല്ല. മറ്റ് രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യപ്പെടുന്ന പെസ്റ്റിസൈഡ്സാണ് നമ്മുടെ രാജ്യത്ത് കൂടുതലായി ഉപയോഗിക്കപ്പെടുന്നത് എന്ന വസ്തുത ഈ അവസരത്തിൽ വളരെ ശ്രദ്ധേയമായി ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. അതുകൊണ്ട് ഇക്കാര്യങ്ങളിൽ ഒരു പുനർചിന്ത ഉണ്ടാകണം. നിയമം കർശനമായി നടപ്പാക്കണമെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. ഈ കാര്യങ്ങൾ പരിശോധിക്കുന്നതിന് നമുക്കുള്ള സംവിധാനങ്ങൾ വേണ്ടത്ര തൃപ്തികരമല്ല എന്ന പരിമിതി നമ്മുടെ മുമ്പിലുണ്ട്. നിയമമുണ്ടെങ്കിൽപോലും ആ നിയമം നടപ്പിലാക്കുന്നതിലുണ്ടാകുന്ന വീഴ്ച, യഥാസമയങ്ങളിൽ ഈ കാര്യങ്ങൾ പരിശോധിക്കാൻ കഴിയാതെ പോകുന്നതിന്റെ പരിമിതികൾ, നമ്മുടെ ലാബ് സംവിധാനങ്ങളിലുള്ള അപര്യാപ്തത, ലാബുകളെ മെച്ചപ്പെട്ട നിലയിലേയ്ക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട് എന്നുപറയുമ്പോഴും ഇതെല്ലാം വർഷങ്ങളായി ആവർത്തിക്കുന്ന സാഹചര്യം നിലവിലുണ്ട്. മെച്ചപ്പെട്ട സംവിധാനങ്ങളിലേയ്ക്ക് നമുക്ക് എത്തിച്ചേരാൻ കഴിയുന്നില്ല. ഈ നിയമം നടപ്പിലാക്കുന്നു എന്ന കാര്യം ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ നമുക്ക് വേണ്ടത്രയില്ല എന്നുള്ളതും ഈ കാര്യങ്ങളിലുള്ള പൊതുസമൂഹത്തിന്റെ അജ്ഞതയുമൊക്കെ ഇതിനുകാരണങ്ങളാണ്. മാഗി നിരോധിക്കുന്ന ഘട്ടത്തിലേയ്ക്ക് എത്തിയപ്പോഴാണ് മാഗിയിൽ മനുഷ്യസമൂഹത്തിന് എത്രമാത്രം ഹാനികരമായ വിഷാംശം അടങ്ങിയിരിക്കുന്നു എന്നുള്ളത് പൊതുസമൂഹത്തിന്റെ ശ്രദ്ധയിലേയ്ക്ക് വരുന്നത്. ഇപ്പോൾ ഓരോ ബ്രാൻഡഡ് ഐറ്റവുമായി ബന്ധപ്പെട്ട് നമ്മുടെ മുൻപിലേയ്ക്ക് എത്തിച്ചേരുന്ന വിവരങ്ങൾ ദൈനംദിനം നമ്മെ ഞെട്ടിക്കുന്നതാണ്. ഏതെങ്കിലുമൊരു ഭക്ഷണം, പാലുപോലും നമുക്ക് ധൈര്യമായി കഴിക്കാനാകാത്ത ഒരു സാഹചര്യമാണ് നിലനിൽക്കുന്നതെന്നുള്ളതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരം രാസവളങ്ങളുടെയും കീടനാശിനി കളുടെയും അമിതപ്രയോഗവുമായി ബന്ധപ്പെട്ട്, പ്രത്യേകിച്ച് അന്താരാഷ്ട്ര തലത്തിൽ നിരോധിക്കപ്പെട്ടിട്ടുള്ള പെസ്റ്റിസൈഡ്സിന്റെ ഇറക്കുമതിയുമായി ബന്ധപ്പെട്ട് ഗൗരവതരമായൊരു സമീപനം സംസ്ഥാന സർക്കാരിനുണ്ടാകണം. രാസവളങ്ങളുടെയും കീടനാശിനികളുടെയും പ്രയോഗത്തിൽ അടിയന്തരമായ നിയന്ത്രണം സംസ്ഥാന സർക്കാർ. കൊണ്ടുവരണം. അതോടൊപ്പംതന്നെ ഭക്ഷണപദാർത്ഥങ്ങളിലെ മായംചേർക്കലുമായി ബന്ധപ്പെട്ട് കർശന നടപടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഇക്കാര്യങ്ങളാണ് ഈ പ്രമേയത്തിന്റെ ഭാഗമായി വളരെ ഗൗരവതരമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഇല്ലെങ്കിൽ ഇത് മനുഷ്യ സമൂഹത്തെത്തന്നെ ഇല്ലായ്മ ചെയ്യുന്ന, മണ്ണിനേയും അതോടൊപ്പംതന്നെ ജീവജാലങ്ങളേയും വിഷലിപ്തമാക്കുന്ന ഒരു മാരകവിപത്തായി മാറും. ഇതിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ഈ പ്രമേയം പാസ്സാക്കണമെന്നുള്ളതാണ് അഭ്യർത്ഥന. ഇതുമായി ബന്ധപ്പെട്ട് രണ്ട് ഭേദഗതികളാണ് വന്നിട്ടുള്ളത്. ആ ഭേദഗതികൾ നമുക്ക് സ്വീകരിക്കാവുന്ന ഭേദഗതികളാണ്. ആരെയെങ്കിലും കുറ്റപ്പെടുത്തുക എന്നുള്ള ഉദ്ദേശ്യത്തോടുകൂടിയല്ല ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. പൊതുസമൂഹത്തിന്റെയും വരാൻപോകുന്ന തലമുറകളുടെയും നിലനിൽപ്പുമായി ബന്ധപ്പെട്ട് ജാഗ്രതയോടുകൂടി, ദീർഘവീക്ഷണത്തോടുകൂടി അവതരിപ്പിക്കപ്പെട്ട പ്രമേയം എന്നുള്ള നിലയിൽ ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

12.00 Noon]

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ, മേൽമണ്ണിന്റെ ഘനം പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുകയാണ്. അമിതമായ തോതിലുള്ള യൂറിയയുടെ ഉപയോഗം അതിനൊരു പ്രധാന ഘടകമായിരിക്കുന്നു. ജൈവ സംസ്ഥാനമായി പ്രഖ്യാപിച്ച ഈ സംസ്ഥാനത്ത് നമുക്കാവശ്യമുള്ള ജൈവവളങ്ങൾ ലഭിക്കുന്നുമില്ല, അതിന്റെ ഘനം പരിശോധിക്കാനുള്ള സംവിധാനങ്ങളുമില്ല. വിവിധ സംസ്ഥാനങ്ങളിൽനിന്ന് ജൈവവളങ്ങൾ എന്ന പേരിൽ ഇവിടേയ്ക്ക് വളം വരുന്നുണ്ട്. അതോടൊപ്പം ജൈവസംസ്ഥാനമായി പ്രഖ്യാപനം നടത്തിയ കേരളത്തിൽ നാളികേര വികസന ബോർഡ് നൽകുന്നത് രാസവളമാണ്. ആ മേഖലകളിലൊക്കെ പാരമ്പര്യമായി ജൈവവളം മാത്രം ഉപയോഗിച്ച കൃഷിക്കാരന്, നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച സഹകരണ പ്രസ്ഥാനങ്ങൾക്ക്, നാളികേര വികസന ബോർഡ് നൽകുന്നത് രാസവളങ്ങളാണ്. അക്കാര്യം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

മലബാർ മേഖലയിൽനിന്ന് ഇങ്ങോട്ട് വരുന്ന തീവണ്ടികളിൽ ധാരാളം കാൻസർ രോഗികളെ കാണാം. ഞങ്ങൾ കുറച്ചുപേർ സ്ലീപ്പർ ക്ലാസ്സിൽ യാത്ര ചെയ്യുന്നവരാണ്. മിക്കവാറും ആ കോച്ചിൽ 60 ശതമാനം പേരും കാൻസർ രോഗികളാണ്; അവർ തിരുവനന്തപുരത്തേയ്ക്ക് ചികിത്സയ്ക്കുവേണ്ടി വരുന്നതാണ്. കുടുംബംതന്നെ സാമ്പത്തികമായി പ്രതിസന്ധിയിൽപ്പെടുന്ന നിലയിലാണ് ആ രോഗത്തിന്റെ ചികിത്സാചെലവ്. അത് ആർ.സി.സി.-യിലാകാം, സ്വകാര്യാശുപത്രിയിലാകാം. അവരെ സംരക്ഷിക്കുവാനുള്ള ഒരു പദ്ധതിയുടെ ഭാഗമായി പൂർണ്ണമായി ജൈവകൃഷിയിലേക്ക് കേരളം പോയില്ലെങ്കിൽ അതിഭീകരമായ അവസ്ഥയിലേക്ക് നമ്മുടെ നാട് മാറും. എന്നാൽ വിദേശത്തേയ്ക്ക് ചെറുപ്പത്തിലേ പോയി ജോലി സ്വീകരിച്ചവരിൽ പരിശോധന നടത്തുമ്പോൾ അവരിൽ ക്യാൻസർ രോഗം വരുന്നില്ല എന്നു കാണുന്നത് നാമൊരു ഗുണപാഠമായി സ്വീകരിക്കേണ്ടതാണ്. അവിടെ അവരുപയോഗിക്കുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കുന്നു എന്നുള്ളത് നമുക്ക് കാണാൻ കഴിയും. നമ്മളിതുവരെ രാസവളങ്ങളോ ജൈവവളങ്ങളോ ഉപയോഗിക്കാതെ ചെയ്യുന്ന ഒരു കൃഷിയാണ് ചക്ക. മാതൃഭൂമി ദിനപത്രം അതുസംബന്ധിച്ച് കുറെ ദിവസങ്ങളായി എഴുതിക്കൊണ്ടിരിക്കുകയാണ്. കാൻസർ രോഗത്തെ തടയാനുള്ള കഴിവുകൂടി ചക്കയ്ക്കുണ്ട്. ആ നിലയിൽ തീർച്ചയായും വളരെ ഗൗരവപൂർവ്വം ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് ഇത്തരമൊരു പ്രമേയം പാസ്സാക്കിത്തരണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

<u>ശ്രീ. സി. പി. മുഹമ്മദ്</u> : സർ, ഇന്നലെ മായം ചേർക്കലിനെതിരെ ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയം ഞാൻ അവതരിപ്പിച്ചിരുന്നതുകൊണ്ട് മായം ചേർക്കലിനെക്കുറിച്ച് പറയുന്നില്ല. കേരളത്തെ കുറെക്കാലമായി ഒരു ഉപഭോക്തൃ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. കൃഷി ശാസ്ത്രജ്ഞർ വീടുകളിൽ കയറി നടന്ന് കൃഷിക്കാരെ പ്രേരിപ്പിച്ചാണ് അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തിനങ്ങളും രാസവളവും കീടനാശിനിയും അടിച്ചേൽപ്പിക്കുന്നത്. മലയുടെ മുകളിലേയ്ക്ക് കല്ലുരുട്ടിക്കയറ്റി അത് താഴേക്ക് ഉരുട്ടിവിട്ട് കൈകൊട്ടി ചിരിച്ചിരുന്ന നാറാണത്തുഭ്രാന്തന്റെ ജോലിയാണ് ഇന്ന് നമ്മുടെ ശാസ്ത്രജ്ഞർ ചെയ്യുന്നത്. കീടനാശിനിയും രാസവളവുമൊന്നും വേണ്ട, ജൈവകൃഷിയാണ് നല്ലതെന്ന് അവരാണ് ഇപ്പോൾ പറയുന്നത്; അത് സ്വാഗതാർഹമാണ്. ചക്കയിൽ കീടനാശിനി ഇല്ല എന്നാണ് നമ്മൾ കരുതിയിരുന്നത്; എന്നാൽ തമിഴ്നാട്ടിൽ ചക്കയ്ക്ക് പോലും കീടനാശിനി പ്രയോഗം നടത്തുന്നത് നമ്മൾ ദൃശ്യമാധ്യമങ്ങളിലൂടെ കണ്ടു.

LIBRARY ARCHIVES Kerala Legislative Assembly

എൻഡോസൾഫാൻ മൂലമുണ്ടായ ദുരന്തത്തിന് നമ്മളെല്ലാം സാക്ഷികളാണ്. നിരാശ്രയരും പാവങ്ങളുമായ അവരുടെ കദനകഥകൾ ആരുടേയും കരളലയിക്കുന്നതാണ്. ജൈവകൃഷിയിലേക്കുള്ള കുതിപ്പിന് സംസ്ഥാനത്ത് ഓർഗാനിക് അതോറിറ്റി രൂപീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ജൈവ പച്ചക്കറിക്കടകളിൽ നമ്മുടെ ടീം പരിശോധന നടത്തിയപ്പോൾ കീടനാശിനി അവയിലുമുണ്ടെന്ന് കണ്ടുപിടിച്ചു. കുറുന്തോട്ടിക്കു വാതം വരുന്നതുപോലെ, ചങ്ങലയ്ക്ക് ഭ്രാന്ത് വരുന്നതുപോലെ, ജൈവ കടകളിലും കീടനാശിനി ഉപയോഗിക്കുന്നു എന്ന് വരുന്നത് കഷ്ടമാണ്. മല്ലിയിലയിൽ പ്രഫനോഫ്രോസ്, പടവലത്തിൽ സൈഹാലോത്രീൻ, കറിവേപ്പിലയിൽ എത്തിലോൺ, കാരറ്റ്, ബീറ്റ്റൂട്ട്, വെണ്ടയ്ക്ക എന്നിവയിൽ ക്ലോറിപൈറിഫോസ് എന്നിവ കണ്ടെത്താൻ കഴിഞ്ഞു. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ട ഒരു കാര്യം, മണ്ണിനോടും ഭക്ഷണത്തിനോടുമുള്ള നമ്മുടെ കാഴ്ചപ്പാട് തിരുത്തപ്പെടണമെന്നുള്ളതാണ്. ഓരോ വർഷവും ഭക്ഷണജന്യമായ രോഗങ്ങളാൽ 20 ലക്ഷം പേർ മരിക്കുന്നുണ്ട്. സ്ലോ കില്ലിംഗ് ആണ് സത്യത്തിൽ നടക്കുന്നത്. ഐക്യരാഷ്ട്രസഭ അംഗീകരിച്ച ഒരു മുദ്രാവാക്യം കൃഷിയിടം മുതൽ തീൻപാത്രം വരെ ഭക്ഷണം സുരക്ഷിതമാക്കുക എന്നതാണ്, 'From farm to plate make food safe.' അസറ്റലിൻ എന്ന രാസവസ്തു ഉപയോഗിച്ച് പാകപ്പെടുത്തിയ മാമ്പഴം നമ്മുടെ രാജ്യത്ത് വ്യാപകമായി വിറ്റുകൊണ്ടിരിക്കുകയാണ്. മാമ്പഴത്തിന് പേരുകേട്ട മുതലമടയിൽപ്പോലും മാന്തോട്ടങ്ങളിൽ എൻഡോസൾഫാൻ അടിക്കുന്നതായി ആരോപണമുണ്ടായിരുന്നു. ഈ രാസവസ്തു ഉള്ളിൽ ചെന്നാൽ ദഹനക്കേടും മറ്റെല്ലാ രോഗങ്ങളുമുണ്ടാകുന്നുണ്ട്. തമിഴ്നാട്ടിലെ ഒട്ടംചത്രം, ഊട്ടി, കോയമ്പത്തൂർ, പൊള്ളാച്ചി, നാഗർകോവിൽ എന്നിവിടങ്ങളിൽ നിന്നായി 2480 ടൺ പച്ചക്കറി പ്രതിദിനം കേരളത്തിലെത്തുന്നുണ്ട്. ഇവയെല്ലാം പരിശോധിക്കാനുള്ള ലാബുകളുടെ അപര്യാപ്തത വലിയ പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. ഇതിനാവശ്യമായ ലാബുകൾ സ്ഥാപിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ മുമ്പ് പറഞ്ഞതാണ്. മരിക്കുന്ന മണ്ണിനേയും ക്ഷയിക്കുന്ന കൃഷിയേയും നേർവഴിക്ക് കൊണ്ടുവരാൻ നമുക്ക് കഴിയണം. ജൈവകൃഷി പ്രസ്ഥാനങ്ങളുടെ അന്താരാഷ്ട്ര സംഘടനയായ ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ഓർഗാനിക് അഗ്രികൾച്ചർ മൂവ്മെന്റ് ജൈവകൃഷിക്ക് നൽകുന്ന നിർവചനം വളരെ പ്രസക്തമാണ്. മണ്ണിന്റേയും മനുഷ്യന്റേയും ആവാസവ്യവസ്ഥയുടേയും ആരോഗ്യം സുസ്ഥിരമായി നിലനിർത്തുന്ന ഉൽപ്പാദന ക്രമമാണ് ജൈവകൃഷി. മണ്ണിന്റെ രാസ, ഭൗതിക മാറ്റം, വളത്തിന്റെ ആവശ്യം, വിള പരിക്രമ വ്യവസ്ഥ, നാഗരികതയുടെ കടന്നുവരവ് മണ്ണിലും കൃഷിയിലും വരുത്തുന്ന മാറ്റങ്ങൾ എന്നിവ പരിശോധിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഗവേഷണ സ്ഥാപനങ്ങൾ രാജ്യത്ത് ആവശ്യമാണ്. ആസൂത്രണത്തിൽ അധിഷ്ഠിതമായ ജൈവകൃഷിനയം ഇനിയും നമുക്കുണ്ടായിട്ടില്ല. വളരെ ഭീകരമായ ഒരവസ്ഥയാണ് നമ്മുടെ രാജ്യത്ത് ഇതുണ്ടാക്കിത്തീർത്തിരിക്കുന്നത്. ഗവൺമെന്റ് ഇക്കാര്യത്തിൽ ഗൗരവമായ നടപടികൾ സ്വീകരിക്കണം. അല്ലെങ്കിൽ വിനാശകരമായ പ്രത്യാഘാതങ്ങളാണ് നമ്മളെ കാത്തിരിക്കുന്നതെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞാനെന്റെ പ്രസംഗം ചുരുക്കുന്നു.

<u>ശ്രീ. കെ. ദാസൻ</u> : സർ, വളരെ കാലിക പ്രസക്തിയുള്ള ഒരു പ്രമേയമാണ് ഇവിടെ അവതരിപ്പിച്ചത്. ശ്രീനിവാസൻ തിരക്കഥ എഴുതിയിട്ടുള്ള നാടോടിക്കാറ്റ് എന്ന സിനിമയിൽ ശ്രീനിവാസൻ അവതരിപ്പിക്കുന്ന ഒരു കഥാപാത്രമുണ്ട്. അതിലെ കഥാപാത്രം പറയുന്നത് 'ദാസാ എല്ലാത്തിനും ഒരു സമയമുണ്ട് ' എന്നാണ്. എല്ലാത്തിനും ഒരു സമയമുണ്ട് എന്നു പറഞ്ഞതുപോലെ, മാഗി എന്നഭക്ഷ്യവസ്തുവിന് രാജ്യവ്യാപകമായി നിരോധനം ഏർപ്പെടുത്തിയതിനു ശേഷമാണ് ഈ രാജ്യത്തും കേരളത്തിലുമെല്ലാം ഇതു സംബന്ധിച്ച് ഗൗരവപൂർണ്ണമായ ഒരു ചർച്ച നടന്നത്. അതാണ് എല്ലാത്തിനും ഒരു സമയമുണ്ടെന്ന് ഞാൻ പറഞ്ഞത്. സമയം ഇപ്പോൾ ഒത്തുവന്നിട്ടുണ്ട്. ഏതായാലും നല്ലൊരു ചർച്ച, ജനങ്ങൾ ഏറെക്കാലമായി ആഗ്രഹിക്കുന്ന ഒരു ചർച്ചയാണ് ഇവിടെ നടക്കുന്നത്. ജനങ്ങൾക്ക് നേരത്തേ ആശങ്കയുണ്ട്. യഥാർത്ഥത്തിൽ കേരളത്തിൽ പഴങ്ങളും പച്ചക്കറികളും ഇതര സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നതാണ്. നമ്മുടെ ചെക്ക് പോസ്റ്റുകളിൽ കർശനമായ യാതൊരു പരിശോധനയും നടക്കുന്നില്ല. കർണ്ണാടകയിൽ നിന്ന് പച്ചക്കറികൾ മലബാർ ഭാഗത്ത് ജീപ്പിലാണ് കൊണ്ടുവരുന്നത്. മുത്തങ്ങ ചെക്ക്പോസ്റ്റിൽ പരിശോധന നടക്കുന്നില്ല എന്നതന്നെ പറയാം. അവിടെ നിന്ന് വിഷാംശം കലർന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും മലബാർ പ്രദേശത്ത് വ്യാപകമായി കൊണ്ടുവരുന്നുണ്ട്. അത് മനുഷ്യരെ രോഗികളാക്കി മാറ്റുന്ന സ്ഥിതിയാണുണ്ടാകുന്നത്. ഭക്ഷ്യ പദാർത്ഥങ്ങളിൽ സ്ഥിരമായ ഗുണ പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതിൽ നമ്മുടെ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. ആരോഗ്യത്തിന് ഹാനികരമായിട്ടുള്ള ഒട്ടേറെ ഭക്ഷ്യ പദാർത്ഥങ്ങൾ ഇന്ന് പാക്ക് ചെയ്ത് കമ്പോളങ്ങളിലും കടകളിലും വില്പന നടത്തുകയാണ്. ഇതിനെതിരായ ബോധവൽക്കരണം, അവബോധം ജനങ്ങളിലെത്തിക്കാനാവശ്യമായ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ ? ബോധവൽക്കരണ പരിപാടി എന്നു പറയുമ്പോൾ, കേരളം സാക്ഷരത കൈവരിച്ചത് എങ്ങനെയാണ് ? സാക്ഷരതാ പ്രവർത്തനത്തിന് വലിയൊരു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്യാമ്പെനാണ് നടന്നത്. അത് ജനഹൃദയങ്ങളിലേക്ക് ആഴത്തിൽ പതിഞ്ഞിട്ടുണ്ട്. ജനകീയാസൂത്രണം വന്നപ്പോൾ വലിയ ക്യാമ്പെനാണ് നടന്നത്. ഇത്രയും ആശങ്ക നിലനിൽക്കുന്ന കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കാനാവശ്യമായിട്ടുള്ള യാതൊരു നടപടിയുമുണ്ടായിട്ടില്ല എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇപ്പോൾ കാർഷിക സർവ്വകലാശാലയിലെ ലാബിൽ പരിശോധന നടത്തിയപ്പോൾ മുളക്, മുളകുപൊടി, ജീരകം, മല്ലി, അച്ചാർപൊടി, കറിമസാല, സാമ്പാർപൊടി എന്നിവയിലെല്ലാം മാരകമായ രാസവസ്തുക്കൾ അടങ്ങിയിട്ടുണ്ടെന്ന് തെളിഞ്ഞിട്ടുണ്ട്. എൻഡോസൾഫാന്റെ അംശങ്ങൾ ഭക്ഷ്യസാധനങ്ങളിലുണ്ട് എന്നത് അവരാണ് പരിശോധിച്ച് കണ്ടെത്തിയത്. കൃഷി വകുപ്പിന്റെ സൂപ്പർ, ഹൈപ്പർ മാർക്കറ്റുകളിൽ നിന്ന് ശേഖരിച്ച പലവ്യഞ്ജനങ്ങളിൽ വിഷാംശം കലർന്നിട്ടുണ്ടെന്ന് ഇപ്പോൾ മാത്രമാണ് ഗവേഷണത്തിലൂടെ കണ്ടെത്തിയിരിക്കുന്നത്. അത് കാർഷിക സർവ്വകലാശാലയാണ് കണ്ടെത്തിയത്. നമ്മുടെ സർക്കാർ സംവിധാനങ്ങളിലടക്കം വിഷാംശം കലർന്നിട്ടുള്ള ഭക്ഷ്യ സാധനങ്ങളുമുണ്ട്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി നടത്തിയ പരിശോധനയിൽ പല സ്ഥലത്തുനിന്നും പിടിച്ചെടുത്ത പച്ചക്കറികളിൽ മായം കണ്ടെത്തിയിട്ടുണ്ട്. പക്ഷേ കൃഷി വകുപ്പിന്റെ സ്റ്റാളുകളിലുള്ള സാധനങ്ങളിൽ മായമില്ല.

ശ്രീ. കെ. ദാസൻ : സർ, കേരളത്തിലെ പൊതുവിതരണ സമ്പ്രദായങ്ങളിലെല്ലാം മായംചേർക്കൽ വ്യാപകമാകുന്നുവെന്നുള്ളതാണ് ഞാൻ പറഞ്ഞതിന്റെ ഉള്ളടക്കം. ഏതായാലും തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്ന നിലവാരം കുറഞ്ഞ അരി കേരളത്തിലെത്തുമ്പോൾ കേരളത്തിലെ ഗവൺമെന്റ് ശരിയായ നിലപാട് സ്വീകരിക്കുന്നില്ലായെന്ന ഒരു വിമർശനം എനിക്കുണ്ട്. കുത്തക കച്ചവടക്കാരും സ്ഥാപിതതാൽപ്പര്യക്കാരുമാണ് അവിടെനിന്നും അരി സംഭരിച്ച് കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നത്. ഇങ്ങനെ കൊണ്ടുവരുന്ന അരിയുടെ ശരിയായ ഗുണനിലവാരം പരിശോധിക്കുന്നതിനുവേണ്ടി ആവശ്യമായ എന്തെങ്കിലും സംവിധാനം കേരളത്തിലുണ്ടോ ? ഇല്ലെന്നാണ് എനിക്ക് തോന്നുന്നത്. ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി അതിനുള്ള മറുപടി പറയണം. ഏതായാലും അരിലോബി വളരെ

LIBRARY ARCHIVES Kerala Legislative Assembly

സജീവമാണ്. ഈ കാര്യത്തിൽ അടിയന്തര ശ്രദ്ധ പതിഞ്ഞതിനാൽ ഭക്ഷ്യ വകുപ്പിന് കൂടുതൽ അധികാരം നൽകണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. കാരണം, പരിശോധനാസംവിധാനങ്ങളാണ് ഇന്നത്തെ ഏറ്റവും വലിയ പോരായ്മ. പരിശോധനാ സംവിധാനങ്ങളിലൂടെ ആ പോരായ്മ പരിഹരിക്കാൻ കഴിഞ്ഞാൽ മാത്രമേ ഇതിനൊരു പരിഹാരമാകുകയുള്ളൂ. നമുക്ക് സ്വന്തമായി ഒരു പരിശോധനാ സംവിധാനമില്ല എന്നതാണ് ഒരു വിഷയം. അതിനുവേണ്ട ഭൗതിക സാഹചര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടിയുണ്ടാകണം. അതില്ലാത്തതാണ് ഏറ്റവും വലിയ പോരായ്മയായി ഉന്നയിക്കാനുള്ളത്.

അതുപോലെ കാൻസറിന് കാരണമാകുന്ന, ലോകാരോഗ്യ സംഘടന കണ്ടെത്തിയിട്ടുള്ള കാര്യങ്ങളുണ്ട്. അഞ്ചിനം രാസകീടനാശിനികൾ സംസ്ഥാനത്തുണ്ടെന്നാണ് ഇപ്പോൾ ഗവേഷണ വിഭാഗം കണ്ടെത്തിയിട്ടുള്ളത്. അതിൽ എൻഡോസൾഫാൻ മാത്രമല്ല, അല്ലാതെയുള്ള അഞ്ചോളം കീടനാശിനികൾ വേറെയുമുണ്ട്. അതിന്റെ പേര് ഞാൻ വായിക്കുന്നില്ല. കൃഷി വകുപ്പ് ഇതു സംബന്ധിച്ച് ചില പഠനങ്ങളൊക്കെ നടത്തിയിട്ടുണ്ടെങ്കിലും ഇക്കാര്യം വളരെ ഗൗരവതരമായി ഇനിയും പഠന വിധേയമാക്കേണ്ടതായിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളിൽ തലേദിവസം കീടനാശിനി തളിക്കുന്ന സംവിധാനമുണ്ട്. ഇവയെല്ലാം കണ്ടുപിടിച്ച് അടിയന്തരമായി ജനങ്ങളെ രക്ഷിക്കണമെന്നാണ് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്.

<u>ശ്രീ. സി. മമ്മൂട്ടി</u> : സർ, നമ്മുടെ ഏറ്റവും വലിയ സമ്പത്തെന്ന് പറയുന്നത് ആരോഗ്യമാണ്. അമിതവണ്ണം, അതുപോലെ മാരകരോഗങ്ങൾ എന്നിവയൊക്കെ മാറുന്നതിനുവേണ്ടി നോൺ-വെജിറ്റേറിയനിൽനിന്ന് വെജിറ്റേറിയനിലേയ്ക്ക് പോകണമെന്നാണ് എല്ലാപേരും ആഗ്രഹിക്കുന്നത്. പ്രഷർ, ഷുഗർ ഇവയെല്ലാം നോർമലാണെങ്കിൽ ദിവസവും രാവിലെ ശുദ്ധമായ നാലോ അഞ്ചോ ഗ്ലാസ് വെള്ളം കുടിച്ചാൽ ആരോഗ്യം വളരെ നന്നായിക്കിട്ടും. പക്ഷെ കോളിഫോം ബാക്ടീരിയ ഇല്ലാത്ത വെള്ളം കിട്ടാനില്ലെന്നതാണ് വസ്തുത. രാവിലെ വെറുംവയറ്റിൽ കീടനാശിനി പ്രയോഗമില്ലാത്ത ഫ്രൂട്ട്സ് കഴിക്കുന്നത് നല്ലതാണ്. പക്ഷേ അങ്ങനെയുള്ള ഫ്രൂട്ട്സും കിട്ടാനില്ല. ഇപ്പോൾ അധികമാളുകളും രാവിലെ വെറുംവയറ്റിൽ കാപ്പി കുടിക്കാറുണ്ട്. കാരണമെന്തെന്നാൽ കാപ്പിക്ക് നേരിട്ട് കീടനാശിനി പ്രയോഗം നടത്തുന്നില്ല. കാപ്പിക്കുരു പഴുക്കുമ്പോൾ അത് പറിച്ചെടുത്ത് വറുത്ത് ഉണക്കി പൊടിയാക്കുന്നതുകൊണ്ട് രാവിലെ കുടിക്കാൻ പറ്റുന്ന ഒരു പാനീയമാണ് കാപ്പി. എന്നാൽ തേയിലയ്ക്ക് നേരിട്ട് കീടനാശിനികൾ ഉപയോഗിക്കുന്നതുവഴി

രാസപ്രയോഗം നടക്കുകയാണ്. തേയിലയ്ക്ക് മരുന്നടിക്കുന്നതുപോല കാപ്പിക്ക് മരുന്നടിക്കാനും കഴിയില്ല. അതുകൊണ്ടാണ് തേയിലയെ അപേക്ഷിച്ച് കാപ്പി വളരെ ശുദ്ധമാണെന്ന് പറയുന്നത്. ഒരാൾ രാവിലെ എണീറ്റ് അൽപ്പം കറിവേപ്പില കഴിച്ചപ്പോൾ പെട്ടെന്ന് ബോധംകെട്ടുവീണു. ആശുപത്രിയിലാക്കി രണ്ട് മണിക്കൂർ കഴിഞ്ഞ് ബോധം തെളിഞ്ഞശേഷം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, സിനിമാനടൻ മമ്മൂട്ടി അറുപതു വയസ്സ് കഴിഞ്ഞിട്ടും സൗന്ദര്യം നഷ്ടപ്പെടാത്തതിന്റെ കാരണം അദ്ദേഹം സ്ഥിരമായി രാവിലെ കറിവേപ്പില കഴിക്കുന്നതിനാലാണെന്ന് ഒരു മാഗസിനിൽ വാർത്ത വന്നിരുന്നു, അതുകണ്ടിട്ട് ഇയാൾ പിറ്റേന്ന് രാവിലെ അതൊന്ന് പരീക്ഷിച്ചതാണ്. രണ്ട് മണിക്കൂർ കഴിഞ്ഞാണ് ബോധം തെളിഞ്ഞത്. കറിവേപ്പിലയിൽ ഉപയോഗിക്കുന്ന കീടനാശിനിപോലും വളരെ മാരകമാണ്. മലയാള മനോരമ ദിനപ്പത്രം ഇതിന്റെ ദോഷഫലങ്ങളെപ്പറ്റി നേരത്തെ ഒരു പരമ്പരയായി എഴുതിയിരുന്നു. മാതൃഭൂമി ഇപ്പോൾ എഴുതിക്കൊണ്ടിരിക്കുകയാണ്. ആപ്പിൾ വാങ്ങി നഖം കൊണ്ടൊന്ന് കുത്തിനോക്കിയാൽ മെഴുകില്ലെങ്കിൽ മാത്രമെ അത് ഒറിജിനലാണെന്ന് വിലയിരുത്താനാവൂ. ഈച്ച പറക്കാത്ത പച്ചക്കറിയോ ഫ്രൂട്ട്സോ വാങ്ങാൻ കഴിയുമോ ? കീടനാശിനിയുടെ പ്രയോഗമുണ്ടെങ്കിൽ ഈച്ച കാണുകയില്ല. ഇപ്പോൾ മെലിഞ്ഞ പഴമാണ് എല്ലാപേരും വാങ്ങുന്നത്. കാരണം, രാസവളപ്രയോഗമില്ലാത്തത് മെലിഞ്ഞ പഴത്തിലായിരിക്കും. മൊത്തത്തിൽ നോക്കിയാൽ കഴിക്കുന്ന എല്ലാ ഭക്ഷ്യവസ്തുക്കളിലും മാരകമായ രാസവസ്തുക്കൾ പ്രയോഗിക്കുന്നുവെന്ന് മനസ്സിലാകും. അതുകൊണ്ട് പച്ചക്കറി കഴിക്കണമെന്നാഗ്രഹിക്കുന്നവർപോലും പച്ചക്കറി ഒഴിവാക്കി രാസപ്രയോഗമില്ലാത്ത മാംസാഹാര ഉപയോഗത്തിലേയ്ക്ക് പോകുന്ന ഗതികേടിലെത്തിയിരിക്കുകയാണ്. ഈയടുത്ത കാലത്ത് ഗവൺമെന്റ് വ്യാപകമായ പരിശോധനകൾ നടത്തിയപ്പോൾ കുറെയൊക്കെ ഫലപ്രദമായിട്ടുണ്ട്. പരിശോധനകളിൽ മാരകമായ രാസപ്രയോഗങ്ങൾ ഈ ഭക്ഷ്യ വസ്തുക്കളിൽ നടത്തിയിട്ടുണ്ടെന്ന് തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് വളരെ ശക്തമായ നടപടി സ്വീകരിക്കുകയുണ്ടായി. അത്തരം നടപടികളുമായി തുടർന്നും മുന്നോട്ടുപോകണം. രാസപ്രയോഗമില്ലാത്ത നല്ല പച്ചക്കറികളും പഴവർഗ്ഗങ്ങളും ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ഇപ്പോൾ കൃഷിവകുപ്പും ആരോഗ്യവകുപ്പും ആവിഷ്കരിച്ച പദ്ധതികൾ ഒന്നുകൂടി ശക്തമായി മുന്നോട്ടുകൊണ്ടുപോകണം. ജനങ്ങളുടെ ആരോഗ്യം പൂർണ്ണമായും സംരക്ഷിക്കുന്നതിനുതകുന്ന തീരുമാനമുണ്ടാകാൻ ഈ പ്രമേയം അവതരിപ്പിച്ചത് ഏറ്റവും നല്ല കാര്യമാണെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു : സർ, തമിഴ്നാട്ടിൽനിന്നും പച്ചക്കറികൾ യാതൊരു നിയന്ത്രണവുമില്ലാതെ കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ അനുമതി നൽകിയെന്നാണ് ഇന്നത്തെ പത്രത്തിൽ വാർത്ത വന്നിട്ടുള്ളത്. ഇത് വളരെ ഗൗരവതരമായ പ്രശ്നമാണ്. കാൻസർ ഉണ്ടാകുന്നത് പുകവലികൊണ്ടാണെന്ന് പറഞ്ഞ് 99 ശതമാനം ആളുകളും പുകവലി നിർത്തി. ഞങ്ങളുടെ നാട്ടിലെ കടിവെള്ളം CWRDM പരിശോധിച്ചപ്പോൾ വെള്ളത്തിൽ വലിയ പ്രശ്നമില്ല, അപകടം പച്ചക്കറിയിലാണ്. സാധാരണഗതിയിൽ കൃഷിവകുപ്പ് നടത്തിവരുന്ന ചർച്ചകൾ കൊണ്ടൊന്നും ഇതിനൊരു പരിഹാരം കാണാൻ സാധിക്കില്ല. ബഹുമാനപ്പെട്ട കെ. ദാസൻ പറഞ്ഞതുപോലെ, നമ്മുടെ സംസ്ഥാനത്ത് ജനകീയാസൂത്രണം നടപ്പാക്കിയതു പോലെ, ഇതിനെ നേരിടുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തി ജനങ്ങളെ രക്ഷിക്കാനുള്ള അതിശക്തമായ നടപടികൾ കൃഷിവകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

ഡോ. എൻ. ജയരാജ് : സർ, വളരെ സമകാലീന പ്രസക്തിയുള്ള ഒരു വിഷയമാണ് ഇവിടെ പ്രമേയമായി കൊണ്ടുവന്നിട്ടുള്ളത്. നമ്മുടെ സമൂഹത്തിൽ നിയമനിർമ്മാണത്തിനപ്പുറത്ത് അതിന്റെ കാഴ്ചപ്പാടുകൾ മാറാതെ ഇത്തരം വിഷയങ്ങളിൽ പൂർണ്ണമായ പ്രയോജനമുണ്ടാവുകയില്ല. പൊറോട്ട മലയാളികളുടെ ദേശീയ ഭക്ഷണമായി അംഗീകരിക്കുന്ന ഒരു കാലഘട്ടമാണിത്. നമ്മുടെ നാട്ടിൻപുറങ്ങളിലെങ്കിലും നല്ല ഭക്ഷ്യവസ്തുക്കൾ കിട്ടുമായിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ആ രീതിയിൽനിന്ന് മലയാളികളുടെ ഭക്ഷണ ശീലങ്ങളിലുണ്ടായ മാറ്റങ്ങൾ തീർച്ചയായും വളരെ പ്രധാനപ്പെട്ട കാര്യമാണ്. അടുത്തകാലത്ത് 'മാഗി' പോലെയുള്ള ഒട്ടനവധി ഭക്ഷ്യവസ്തുക്കൾ രാസവസ്തുക്കളുടെ ഉപയോഗം കാരണം പിൻവലിക്കേണ്ടതായിവന്നിട്ടുണ്ട്. അതുപോലുള്ള നിരവധി ഭക്ഷ്യവസ്തുക്കൾ ഇപ്പോഴും നിലവിലുണ്ട് എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. വളരെ വ്യക്തമായ ഒരു നിയമനിർമ്മാണം ഈ കാര്യത്തിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1. " നിയമം നടപ്പാക്കുന്നതിലുള്ള പരാജയവും" എന്നീ വാക്കുകൾ ഒഴിവാക്കുകയും " അജ്ഞതയും" എന്ന വാക്കിനു പകരം " അജ്ഞത" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

(ശ്രീ. കെ. പി. മോഹനൻ) : സർ, ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. പക്ഷേ ഇതിനെതിരെ ശക്തമായ നടപടികളുമായാണ് പഞ്ചായത്തും കൃഷിവകുപ്പും ആരോഗ്യവകുപ്പും മുന്നോട്ടുപോകുന്നത്. ഇവിടെ ഏറ്റവും പ്രധാനപ്പെട്ടകാര്യം അന്യസംസ്ഥാനത്തുനിന്ന് വരുന്ന പച്ചക്കറികൾ പരിശോധിക്കണമെന്നുള്ളതുതന്നെയാണ്. അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ നിരോധിക്കപ്പെട്ട കീടനാശിനികൾ കൃഷിഭവന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ പിടിച്ചെടുക്കുന്നുണ്ട്. വളരെ നല്ല രീതിയിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ബോധവൽക്കരണത്തെക്കുറിച്ച് പറയുകയാണെങ്കിൽ കാൻസർ പോലുള്ള അസുഖങ്ങൾ വ്യാപിച്ചുകൊണ്ടിരിക്കുന്നതിനാൽ എല്ലാവരും ഇപ്പോൾ അതിനെക്കുറിച്ച് ബോധവാൻമാരായിക്കൊണ്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച് കൂടുതൽ ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ കൃഷി വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും മേൽനോട്ടത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി. എസ്. ശിവകുമാർ) : സർ, ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയത്തെക്കുറിച്ചാണ് ഇവിടെ ചർച്ച നടന്നത്. ഗവൺമെന്റ് ഈ കാര്യത്തിൽ ഏറ്റവും ഫലപ്രദമായ രീതിയിലുള്ള പ്രവർത്തനങ്ങളാണ് സമീപകാലത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതിനെതിരെയും അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും മറ്റ് ഭക്ഷണ സാധനങ്ങളിലും കൂടുതൽ കീടനാശിനികൾ ഉപയോഗിക്കുന്നതിനെതിരെയും കർശനമായ നടപടികളാണ് ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട്, തമിഴ്നാട്ടിൽനിന്നും വാഹനങ്ങളിൽ പച്ചക്കറികൾ കൊണ്ടുവരുമ്പോൾ അതെവിടെ നിന്നാണ് കൊണ്ടുവരുന്നതെന്നോ എവിടേയ്ക്കാണ് കൊണ്ടുപോകുന്നതെന്നോ അറിയാൻ കഴിയുന്നില്ല എന്നുള്ളതാണ്. ഇത്തരം കച്ചവട സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനോ ലൈസൻസോ വേണ്ടത് ആവശ്യമാണെന്ന് മനസ്സിലാക്കിയതിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ തട്ടുകടകൾ തുടങ്ങി സ്റ്റാർ ഹോട്ടലുകൾ വരെയുള്ള എല്ലാ കച്ചവട സ്ഥാപനങ്ങൾക്കും രജിസ്ട്രേഷനോ ലൈസൻസോ ഏർപ്പെടുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന് ഒരു മാസം കൂടി സമയം കൊടുത്തിരിക്കുകയാണ്. ആഗസ്റ്റുമാസം 4 വരെ കേന്ദ്ര ഗവൺമെന്റ് സമയം കൊടുത്തിട്ടുണ്ട്. രജിസ്ട്രേഷനും ലൈസൻസിംഗും പൂർത്തീകരിച്ച കഴിഞ്ഞാൽ ഇവർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഏത് സ്ഥലത്തുനിന്ന് കൊണ്ടുവരുന്നു എന്നതു സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ഉടമയുടെ രജിസ്ട്രേഷന്റെ ഫോട്ടോസ്റ്റാറ്റ് പകർപ്പ് ഈ വാഹനത്തിൽ വരുന്ന ആളുകൾക്ക് നൽകി അവ പരിശോധിക്കാനുള്ള നടപടികൾ ആരംഭിക്കുകയാണ്. സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റ് കഴിഞ്ഞ ഒരു മാസംകൊണ്ടുതന്നെ സാധനങ്ങൾ എവിടെ നിന്നുവരുന്നു, എവിടേയ്ക്ക് കൊണ്ടു പോകുന്നു, ആരാണ് ഇതിന്റെ ഓണർ എന്നുള്ളതിനെക്കുറിച്ചുള്ള രേഖകൾ എല്ലാ ചെക്ക്പോസ്റ്റുകളിലും കൊടുത്തുകൊണ്ടിരിക്കുകയാണ്. രജിസ്ട്രേഷനും ലൈസൻസിംഗും പൂർത്തീകരിച്ചെങ്കിൽ മാത്രമേ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. പരിശോധനയ്ക്കു പോകുന്ന ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥരും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരും അവർക്ക് ലൈസൻസുണ്ടോയെന്നും രജിസ്ട്രേഷന്റെ കോപ്പി കച്ചവടക്കാരന്റെ കൈവശമുണ്ടോയെന്നും പരിശോധിക്കുന്നുണ്ട്. പരിശോധിച്ചതിനുശേഷമുള്ള നടപടികൾ നമ്മൾ സ്വീകരിക്കുന്നുണ്ട്. ഇന്നലെ ഈ കാര്യങ്ങളെക്കുറിച്ച് വിശദമായി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതോടൊപ്പം ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനുള്ള ലാബ് സൗകര്യങ്ങൾ ഇല്ലായിരുന്നു. പക്ഷേ, ഗവൺമെന്റ് ഈ കാര്യത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എറണാകുളത്തും തിരുവനന്തപുരത്തും ലാബുകൾ സ്ഥാപിച്ചുകഴിഞ്ഞു. സെപ്റ്റംബർ ഒന്നു മുതൽ ഡയറക്ടറായി സർക്കാർതലത്തിൽതന്നെ അമിതമായ വിഷവസ്തുക്കൾ ഉപയോഗിക്കുന്നു വെങ്കിൽ പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി. അടുത്ത ഘട്ടത്തിൽ കോഴിക്കോടും ഏർപ്പെടുത്തുകയാണ്. ഉദ്യോഗസ്ഥർക്ക് വേണ്ട ട്രെയിനിംഗ് കൊടുത്തുകഴിഞ്ഞു. അതോടുകൂടി ഇതിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ കുറവുണ്ടായിരുന്നു. ഇപ്പോൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ 57 പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. 80 ഉദ്യോഗസ്ഥർക്കു വേണ്ടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. ഡിസംബർ മാസത്തോടുകൂടി മുഴുവൻ സ്റ്റാഫിനെയും നമുക്ക് നിയമിക്കാൻ കഴിയും.

ഇവിടെ സൂചിപ്പിച്ച മറ്റൊരു പ്രധാനപ്പെട്ട കാര്യമെന്നു പറയുന്നത് ആവശ്യമായ ബോധവൽക്കരണമില്ലെന്നുള്ളതാണ്. ഭക്ഷ്യസുരക്ഷാ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ മൂവായിരത്തോളം ബോധവൽക്കരണ ക്ലാസ്സുകൾ കേരളത്തിൽ എല്ലാ ജില്ലകളിലും നടത്തി. അതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളെയാണ് ബോധവൽക്കരണ ക്ലാസ്സുകളിൽ പങ്കെടുപ്പിച്ചത്. ഒരു തൊഴിലാളിയെങ്കിലും ഒരു ഫുഡ് ബിസിനസ്

നടത്തുന്ന സ്ഥാപനത്തിലുണ്ടായിരിക്കണമെന്നതാണ്. ഈ കാര്യങ്ങൾ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തി മുന്നോട്ടുപോകുകയാണ്. 2006-ലെ ഭക്ഷ്യസുരക്ഷാ നിയമം വളരെ ഇഫക്ടീവായിട്ടുള്ള ഒന്നാണ്. നേരത്തെ എടുത്ത ശിക്ഷാനടപടികൾ ലഘുവായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2011 മുതൽ ഈ നിയമം വളരെ ഇഫക്ടീവായി കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഏകദേശം 4,400-ഓളം ഭക്ഷണസാധനങ്ങളുടെ സാമ്പിളുകൾ ഇതിനകംതന്നെ പരിശോധിച്ചു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്നു പറയുന്നത് മറ്റു സംസ്ഥാനങ്ങളുടെ സഹകരണം ഇതിനാവശ്യമാണ്. മറ്റു സംസ്ഥാനങ്ങളുടെ സഹകരണത്തിനായി കേന്ദ്ര ഗവൺമെന്റ് ഇടപെടേണ്ടിവരും. മുഖ്യമന്ത്രി ഇതിനായി ഒരു യോഗം വിളിച്ചുചേർത്തിരുന്നു. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് ഏറ്റവും ഫലപ്രദമായിട്ടുള്ള നടപടികൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനം സ്വയം പര്യാപ്തതയിലേക്ക് പോകുന്നതിലേയ്ക്കുള്ള നടപടികൾ കൃഷിവകുപ്പ് സ്വീകരിച്ചു. എന്തായാലും ഗവൺമെന്റ് വളരെ ഇഫക്ടീവായ നടപടികളുമായി മുന്നോട്ടുപോകുന്ന പശ്ചാത്തലത്തിൽ പ്രത്യേകമായ ഒരു പ്രമേയം കൊണ്ടുവരേണ്ട ആവശ്യമില്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം. സംസ്ഥാന ഗവൺമെന്റ് ഒറ്റക്കെട്ടായി നിന്നുകൊണ്ട് മായംചേർക്കൽ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ സാഹചര്യത്തിൽ പ്രത്യേക പ്രമേയത്തിന്റെ ആവശ്യമില്ല.

മി. സ്പീക്കർ : ശ്രീ. ബെന്നി ബെഹനാൻ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച ഭേദഗതിയെ . . . . . .

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ : ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച പ്രമേയത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

2. സമൂഹ മാധ്യമങ്ങളുടെ ദുരുപയോഗം

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു.

" സമൂഹമാധ്യമങ്ങൾ ഇപ്പോൾ നിത്യജീവിതത്തിന്റെ ഭാഗമാണ്. ഫെയ്സ്ബുക്ക്, ട്വിറ്റർ, വാട്സ് ആപ്പ് തുടങ്ങി നിരവധി സമൂഹമാധ്യമങ്ങളും മൊബൈൽ ആപ്ലിക്കേഷനുകളും നിലവിലുണ്ട്. എന്നാൽ ഇവയുടെ ദുരുപയോഗം കൂടിവരികയാണ്. സൈബർ കുറ്റകൃത്യങ്ങളും ഇന്റർനെറ്റിലൂടെ വിവിധ രൂപത്തിലുള്ള സാമ്പത്തിക തട്ടിപ്പുകളും ഫെയ്സ്ബുക്ക്, വാട്സ് ആപ്പ് മുതലായ സമൂഹമാധ്യമങ്ങളിലൂടെ വ്യക്തിപരവും മതപരവും രാജ്യദ്രോഹപരവുമായ കുറ്റകൃത്യങ്ങളും ഇപ്പോൾ വ്യാപകമാണ്. ഫെയ്സ്ബുക്കിലെ വ്യാജ പ്രൊഫൈൽ, ഇന്റർനെറ്റ് ദുരുപയോഗം തുടങ്ങിയവയുമായി ബന്ധപ്പെട്ട് നിരവധി കേസുകളാണ് രജിസ്റ്റർ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിൽ ചില കേസുകൾ അതീവ ഗുരുതരമാണ്. സമൂഹമാധ്യമങ്ങളിലൂടെ വ്യക്തികളെ അപകീർത്തിപ്പെടുത്തുകയും സമൂഹത്തിനു മുന്നിൽ അപഹാസ്യരാക്കുകയും ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിരവധി സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. ഇത്തരത്തിൽ മാധ്യമങ്ങളിലൂടെ ചതിക്കപ്പെടുന്ന വീട്ടമ്മമാരുടെയും വിദ്യാർത്ഥിനികളുടെയും എണ്ണം കൂടിവരികയാണ്. ഇത്തരം സൈബർ കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ നിയമത്തിന്റെമുന്നിൽ കൊണ്ടുവരാൻ നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണ്. ആയതിനാൽ സമൂഹമാധ്യമങ്ങളുടെ ദുരുപയോഗം ഉൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുവാനും അപകീർത്തികരവും രാജ്യദ്രോഹപരവുമായ പ്രസ്താവനകളും പോസ്റ്റുകളും ഉപയോഗിക്കുന്നവരെയും പ്രചരിപ്പിക്കുന്നവരെയും നിയമത്തിന്റെമുന്നിൽ കൊണ്ടുവരാനും ഉതകുംവിധം ശക്തമായ ഒരു പുതിയ സൈബർ നയം ഉണ്ടാകണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിക്കുന്നു."